# MSM 21-ാമത് ക്വുർആൻ വിജ്ഞാന പരീക്ഷ

msm kerala state committee, www.msmkerala.co.in

(വിദേശം)
2017
ജൂൺ 9
വെള്ളി
8.30 AM

രജി. നമ്പർ

**പ്രാഥമിക പരീക്ഷ**

**സമയം: 1½ മണിക്കൂർ** | **മാർക്ക് : 60**

## നിർദേശങ്ങൾ

1. ചോദ്യപേപ്പറിനൊപ്പം ലഭിക്കുന്ന പ്രത്യേക ഉത്തരക്കടലാസിലാണ് ശരിയുത്തരം അടയാളപ്പെടുത്തേണ്ടത്.
2. ഉത്തരപ്പേപ്പറിലെ കോളത്തിൽ ക്രമ നമ്പറനുസരിച്ച് A,B,C,D ഇവയിൽ ഏതെങ്കിലുമൊന്നിൽ ☑ അടയാളപ്പെടുത്തുക.
3. ഹാൾ ടിക്കറ്റിലുള്ള രജിസ്റ്റർ നമ്പർ ചോദ്യപേപ്പറിലും ഉത്തരക്കടലാസിലും മുകളിൽ നിർദിഷ്ട കോളത്തിൽ രേഖപ്പെടുത്തണം. വ്യക്തികളുടെയോ പരീക്ഷാകേന്ദ്രത്തിന്റെയോ പേര്, മറ്റു അടയാളങ്ങൾ തുടങ്ങിയവ എഴുതാൻ പാടില്ല.
4. ഏതെങ്കിലും ചോദ്യത്തിന് ഒന്നിലധികം ഉത്തരങ്ങൾ രേഖപ്പെടുത്തിയാൽ മൂല്യ നിർണ്ണയത്തിന് അവ പരിഗണിക്കപ്പെടുന്നതല്ല.
5. പരീക്ഷക്ക് ശേഷം ഉത്തരക്കടലാസ് ഇൻവിജിലേറ്ററുടെ കൈവശം ഏൽപ്പിക്കേണ്ടതാണ്. ചോദ്യപേപ്പർ പരീക്ഷാർത്ഥിക്ക് കൈവശം സൂക്ഷിക്കാവുന്നതാണ്.
6. പരീക്ഷാർത്ഥികൾ ഹാൾടിക്കറ്റ് സൂക്ഷിക്കേണ്ടതാണ്.

1. തന്റെ ഒട്ടകം മുമ്പോട്ടു നടക്കുവാൻ കൂട്ടാക്കാതെ മുട്ടു കുത്തിയപ്പോൾ "അതിനു അങ്ങനെ ഒരു സമ്പ്രദായമില്ല. പക്ഷെ ആനയെ തടഞ്ഞു വെച്ചവൻ അതിനെ തടഞ്ഞു വെച്ചതാണ്" എന്ന് നബി(സ്വ) പറഞ്ഞത് ഏത് സന്ദർഭത്തിലാണ്?
   A) ബദർ യുദ്ധ ദിവസം  B) മക്കാ വിജയ ദിവസം
   C) ഹിജ്റ: പോകുമ്പോൾ  D) ഹുദൈബിയ്യ: സന്ധി ദിവസം
2. കൃഷി വിഭവങ്ങൾ ഒന്നുമില്ലാതിരുന്ന മക്കയിൽ നിന്ന് ക്വുറൈശികൾ ഉഷ്ണകാലത്ത് ശാമിലേക്കും (സിറിയ), ശൈത്യകാലത്ത് .................. ലേക്കും കച്ചവടയാത്രകൾ നടത്താറുണ്ടായിരുന്നു.
   A) യമൻ  B) ഇറാക്ക്  C) അബ്സീനിയ  D) റോം
3. താഴെ വരുന്നതിൽ നരകത്തിലെ ഭക്ഷണം ഏത്?
   A) لَهَب  B) أَبَابِيل  C) ضَرِيع  D) سِجِّين
4. "ഞാൻ ഒരു നന്ദിയുള്ള അടിമ ആകേണ്ടതല്ലേ?!" എന്ന് നബി (സ്വ) പറഞ്ഞത് ആരോടായിരുന്നു?
   A) ആഇശ: (റ)  B) അനസ് (റ)  C) ഫാത്തിമ: (റ)  D)ഇബ്നു അബ്ബാസ് (റ)
5. ഇബ്റാഹീം നബി (അ)യുടെ മത പാരമ്പര്യം സ്വീകരിച്ചവരുടെ വിശേഷണമെന്ത്?
   A) عُلَمَاء  B) حُنَفَاء  C) سُفَهَاء  D) صَفْوَاء
6. നബി(സ്വ) പറഞ്ഞു: "...................... ദിവസം വളരെ ചുരുങ്ങിയ ഒരു സമയമുണ്ട്. ഒരു മുസ്ലിം നമസ്കാരത്തിലായി പ്രാർഥിച്ചു കൊണ്ട് ആ സമയം കഴിച്ചു കൂട്ടിയാൽ പ്രാർഥനക്ക് ഉത്തരം കിട്ടാതിരിക്കുകയില്ല" (മുത്തഫഖുൻ അലൈഹി). ഏതാണ് ആ ദിവസം?
   A) തിങ്കളാഴ്ച  B) ആശൂറാ  C) വെള്ളിയാഴ്ച  D) വ്യാഴാഴ്ച
7. അബ്സീനിയൻ ചക്രവർത്തിയായ നജ്ജാശിയെ തൃപ്തിപ്പെടുത്താൻ വേണ്ടി അബ്റഹത്ത് രാജാവ് കൃസ്തീയ ദേവാലയം പണി കഴിപ്പിച്ചതെവിടെ?
   A) മക്ക:  B) യഥ്രിബ്  C) യമൻ  D) ശാം
8. മക്കാവിജയം ഹിജ്റ: എത്രാം വർഷമായിരുന്നു?
   A) 7  B) 8  C) 5  D) 9
9. كُلُّ مُحْدَثَةٍ بِدْعَة, وَكُلّ بِدْعَة ضَلاَلَة ഒരു സൂറത്തിന്റെ വ്യാഖ്യാനം അമാനി മൗലവി അവസാനിപ്പിക്കുന്നത് ഈ നബിവചനം കൊണ്ടാണ്. ഏതാണ് ആ സൂറത്ത്?
   A) اَلْقَدْر  B) اَلْبَيِّنَة  C) اَلْكَوْثَر  D) اَلضُّحَى
10. سُورَةُ التِّين ന്റെ തുടക്കത്തിൽ അല്ലാഹു നാലു കാര്യങ്ങളെക്കൊണ്ട് സത്യം ചെയ്തു പറഞ്ഞതിൽ പെടാത്തത് ഏത്?
    A) സൂര്യൻ  B) സീനാ പർവ്വതം  C) അത്തി  D) ഒലീവ്
11. കപടവിശ്വാസികളുടെ നമസ്കാരത്തെക്കുറിച്ച് "കോഴി കൊത്തും പോലെ വേഗത്തിൽ കുമ്പിടും" എന്ന് റസൂൽ (സ്വ) പറഞ്ഞതിൽ ഉദ്ദേശിക്കപ്പെട്ട നമസ്കാരം ഏത്?
    A) ഫജ്ർ  B) ളുഹ്ർ  C) അസ്ർ  D) ഇശാഅ്

12. അല്ലാഹു പ്രവാചകനായി നിയോഗിച്ചപ്പോൾ رَبِّ اشْرَحْ لِي صَدْرِي എന്നു പ്രാർഥിച്ചത്?
A) മുഹമ്മദ്(സ്വ) B) ഈസാ(അ) C) മൂസാ(അ) D) ഇബ്റാഹീം(അ)

13. 'യാത്രയയപ്പിന്റെ അദ്ധ്യായം' ( سُورَةُ التَّوْدِيع ) എന്നറിയപ്പെടുന്ന സൂറത്ത് ഏത്?
A) الْفَاتِحَة B) الْبَقَرَة C) النَّصْر D) النَّازِعَات

14. ഏതു പ്രദേശത്തുകാർക്ക് വേണ്ടിയാണ് "അല്ലാഹുവേ, എന്റെ ജനങ്ങൾക്ക് പൊറുത്തു കൊടുക്കേണമേ, അവർ അറിവില്ലാത്തവരാണ്" എന്നു റസൂൽ (സ്വ) പ്രാർഥിച്ചത്?
A) യമൻകാർ B) ത്വാഇഫുകാർ C) നജ്ദുകാർ D) യഥ്രിബുകാർ

15. عَمَّ ജുസ്ഇൽ ഏറ്റവും കൂടുതൽ ആയത്തുകളുള്ളത് ഏത് അദ്ധ്യായത്തിലാണ്?
A) النَّبَأ B) النَّازِعَات C) عَبَس D) الْمُطَفِّفِين

16. താഴെ വരുന്നതിൽ سُورَةُ التَّكْوِير ൽ പെടാത്ത ആയത്ത് ഏത്?
A) إِنَّهُ لَقَوْلُ رَسُولٍ كَرِيمٍ B) وَمَا صَاحِبُكُم بِمَجْنُونٍ
C) وَإِذَا الْبِحَارُ فُجِّرَتْ D) وَإِذَا الْجَنَّةُ أُزْلِفَتْ

17. വിശ്വസിച്ചു എന്ന ഒറ്റക്കാരണത്താൽ സത്യവിശ്വാസികളെ കൂട്ടമായി തീയിലിട്ടു ചുട്ടു കൊന്നതാര്?
A) അസ്ഹാബുൽ ഉഖ്ദൂദ് B) നൂഹ് നബി (അ)യുടെ ജനത
C) നജ്ജാശി രാജാവ് D) ഖുറൈശികൾ

18. നബി (സ്വ)യുടെ പിതൃവ്യൻ അബൂലഹബിന്റെ സാക്ഷാൽ പേരെന്ത്?
A) അബ്ദു മനാഫ് B) അബ്ദുൽ ഉസ്സാ
C) അദ്നാൻ D) അബ്ദുൽ കഅ്ബഃ

19. അല്ലാഹു മൂസാ (അ) നബിയോട് സംസാരിച്ച വിശുദ്ധ താഴ്വര ഏത്?
A) തീഹ് B) ഖുദ്സ് C) ത്വുവാ D) മദ്യൻ

20. നരകത്തിലെ അത്യുഷ്ണ ജലത്തിനും അതിശൈത്യജലത്തിനും ഖുർആൻ പ്രയോഗിച്ച പദങ്ങൾ ഏവ?
A) سِجِّين, عِلِّيُّون B) حَمِيم, غَسَّاق C) مرصاد, أحقاب D) لَهَب, حَطَب

21. സജ്ജനങ്ങൾക്ക് കുടിച്ചാസ്വദിക്കാനായി സ്വർഗത്തിൽ അല്ലാഹു സംവിധാനിച്ച ഉറവു ജലം?
A) نَعِيم B) تَسْنِيم C) مَفَاز D) حَمِيم

22. നമസ്കാരത്തിൽ സുജൂദിലായിരിക്കെ നബി (സ്വ)യുടെ പിരടിക്കു ചവിട്ടുവാനായി മുന്നോട്ടു കുതിക്കുകയും, ചെന്ന കാലിൽ തന്നെ പെട്ടെന്നു മടങ്ങേണ്ടി വരികയും ചെയ്ത ശത്രു?
A) അബൂ ജഹ്ൽ B) ഇബ്ലീസ് C) അബൂ ലഹബ് D) ഉമയ്യത്തു ബ്നു ഖലഫ്

23. "അത് മൂസാ(അ) നബിയുടെ അടുക്കൽ വരാറുണ്ടായിരുന്ന ആ മഹാദൂതനത്രെ. താങ്കളെ താങ്കളുടെ ജനത പുറത്താക്കുന്ന ദിവസം ഞാൻ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ നന്നായിരുന്നു" നബി (സ്വ)യെ അഭിമുഖീകരിച്ചുള്ള ഈ വാക്കുകൾ ആരുടേതായിരുന്നു?
A) വറകത്ത് ബ്ൻ നൗഫൽ B) ഖദീജഃ (റ)
C) അബ്ദുൽ മുത്ത്വലിബ് D) അബൂബക്കർ (റ)വിന്റെ പിതാവ്

24. وَإِنَّهُ لِحُبِّ الْخَيْرِ لَشَدِيدٌ എന്നതിലെ خَيْر ന്റെ വിവക്ഷ എന്ത്?
A) സന്താനങ്ങൾ B) സൽസ്വഭാവം C) കൂട്ടുകാർ D) സമ്പത്ത്

25. سُورَةُ الْعَصْر നെ കുറിച്ച് "ഈ സൂറത്തല്ലാതെ മറ്റൊന്നും അവതരിച്ചിട്ടില്ലായിരുന്നുവെങ്കിലും ജനങ്ങൾക്ക് ഇത് മതിയാകുമായിരുന്നു" എന്ന് പറഞ്ഞതാര്?
A) ഇമാം ശാഫിഈ (റ) B) ഇബ്നു അബ്ബാസ് (റ)
C) ഇബ്നുൽ ഖയ്യിം (റ) D) നബി (സ്വ)

26. "ഏതൊരാൾക്കും ചോദിക്കുവാനും രക്ഷ തേടുവാനും ഇവയെപ്പോലെ മറ്റൊന്നില്ല" എന്ന നബിവചനത്തിന്റെ ഉദ്ദേശം?
A) ഹജ്ജും ഉംറയും B) മഹാത്മാക്കളുടെ മഖ്ബറകൾ
C) സൂറത്തുൽ ഫലഖും സൂറത്തുന്നാസും D) നോമ്പും നമസ്കാരവും

27. "നിനക്ക് നാശം! ഇതിനു വേണ്ടിയാണോ ഞങ്ങളെ നീ ഒരുമിച്ചു കൂട്ടിയത്?!" എന്ന് സ്വഫാ കുന്നിൻ മുകളിൽ വെച്ച് നബി (സ്വ)യോട് പറഞ്ഞതാര്?
A) അബൂലഹബ് B) അബൂജഹ്ൽ C) അബൂ ഖുഹാഫഃ D) അബ്ദുൽ മുത്ത്വലിബ്

28. ഖുർആൻ മന:പാഠമാക്കിയ നൂറുകണക്കിന് സ്വഹാബികൾ രക്തസാക്ഷികളായ യുദ്ധം കള്ളപ്രവാചകനായ മുസൈലിമക്കെതിരിൽ നടന്നത് ആരുടെ ഭരണകാലത്താണ്?
A) നബി (സ്വ) B) അബൂബക്കർ (റ) C) ഉമർ (റ) D) ഉഥ്മാൻ (റ)

29. إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ എന്ന ആയത്ത് ഏത് അദ്ധ്യായത്തിലാണ്?
A) البَقَرَة B) الْحِجْر C) مُحَمَّد D) الأَعْرَاف

30. ഏത് നബിയുടെ കാലം മുതലാണ് വിഗ്രഹാരാധനയുടെ തുടക്കം?
A) ഇബ്റാഹീം (അ) B) മൂസാ (അ) C) നൂഹ് (അ) D) ദാവൂദ് (അ)

31. അബൂബക്കർ (റ)വിന്റെ കാലത്തു ക്രോഡീകരിക്കപ്പെട്ട മുസ്ഹഫിന്റെ പകർപ്പുകൾ ഉണ്ടാക്കാൻ ഖലീഫഃ ഉഥ്മാൻ (റ)വിനെ പ്രേരിപ്പിച്ച സ്വഹാബിവര്യൻ ആരായിരുന്നു?
A) അലി (റ) B) ഹുദൈഫഃ (റ) C) സൽമാനുൽ ഫാരിസി (റ) D) അബൂ ത്വൽഹഃ (റ)

32. താഴെ വരുന്നതിൽ നബി(സ്വ) പറഞ്ഞ വാചകമേത്?
A) മൂസാ (അ) ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന് എന്നെ പിന്തുടരുകയല്ലാതെ നിവൃത്തിയുണ്ടാകുമായിരുന്നില്ല.
B) നിങ്ങൾ എപ്പോൾ വിളിച്ചാലും ഞാൻ ഉത്തരം ചെയ്യും.
C) മതമേതായാലും മനുഷ്യൻ നന്നായാൽ മതി.
D) വിശ്വാസികളേ, ബുദ്ധിക്കും കാലത്തിനുമനുസരിച്ച് നിങ്ങൾ ഖുർആൻ വ്യാഖ്യാനിക്കുക

33. "ജാഹിലിയ്യാ കാലത്തെക്കുറിച്ച് അറിയാത്തവന് ഇസ്ലാം അറിയുകയില്ല" എന്നു പറഞ്ഞതാര്?
A) ഇബ്നു അബ്ബാസ് (റ) B) ഉമർ (റ)
C) ഇക്രിമതു ബ്നു അബീ ജഹ്ൽ (റ) D) നബി (സ്വ)

34. പ്രവാചകന്റെ കാലത്തുള്ള ജൂതന്മാരുടെ വാദപ്രകാരം, 'ഒരു ജൂതൻ നരകത്തിൽ പ്രവേശിക്കേണ്ടി വന്നാൽ പോലും ...................... ദിവസത്തിലധികം അതിൽ താമസിക്കേണ്ടി വരില്ല' എന്നായിരുന്നു.
A) 100 B) 40 C) 30 D) 365

35. യമൻ പ്രദേശത്തേക്ക് മതപ്രബോധനാർഥം ഏത് സ്വഹാബിയെയാണ് നബി (സ്വ) നിയോഗിച്ചത്?
A) ഖബ്ബാബ് (റ) B) അംറു ബ്നുൽ ആസ് (റ)
C) സൽമാനുൽ ഫാരിസി (റ) D) മുആദ് (റ)

36. വളരെ സുന്ദരനും സുമുഖനുമായ ഒരു സ്വഹാബിയുടെ രൂപത്തിൽ ജിബ്രീൽ (അ) നബി (സ്വ)യുടെ അടുക്കൽ വഹ്യുമായി വരാറുണ്ടായിരുന്നു. ആരായിരുന്നു ആ സ്വഹാബി?
A) മിസ്അബ് ബ്നു ഉമൈർ(റ) B) സൈദു ബ്നു സാബിത്(റ)
C) ദഹിയ്യത്തുൽ കൽബീ (റ) D) അംറു ബ്നുൽ ജമൂഹ്(റ)

37. 'ഫത്ഹു റഹ്മാൻ ഫീ തർജുമത്തിൽ ഖുർആൻ' എന്നത് ഒരു പ്രസിദ്ധ ഇന്ത്യൻ പണ്ഡിതൻ രചിച്ച ഖുർആൻ വ്യാഖ്യാനമാണ്. ആരാണത്?
A) അബുൽ കലാം ആസാദ് B) ശാഹ് വലിയ്യുല്ലാഹ് അദ്ദഹ്ലവി
C) അല്ലാമാ ഇഖ്ബാൽ D) അബുൽ ഹസ്സൻ അലി നദ്‌വി

38. റമദാനിലെ രാത്രി നമസ്കാരത്തിന് ഇമാമായി ഉമർ (റ) നിശ്ചയിച്ച സ്വഹാബി ആര്?
A) ഉബയ്യുബ്നു കഅബ് (റ) B) അബ്ദുല്ലാഹി ബ്നു റവാഹഃ (റ)
C) ഖാലിദു ബ്നുൽ വലീദ്(റ) D) ഉഥ്മാൻ (റ)

39. زَجْرَة وَاحِدَة (ഘോര ശബ്ദം) എന്ന് സൂറത്തുന്നാസിആത്തിൽ പ്രസ്താവിച്ചത് എന്തിനെ പറ്റി?
A) 1-ാമത്തെ ഊത്ത് B) ഇടിനാദം C) മരണ വെപ്രാള ശബ്ദം D) 2-ാമത്തെ ഊത്ത്

40. മനുഷ്യർ തിന്നാറില്ലാത്തതും കാലികൾ മേഞ്ഞ് തിന്നുന്നതുമായ പുൽച്ചെടികൾ?
A) قَضْب B) أَبّ C) مَرْعَى D) عُشْب

41. സൂറത്തുൽ ബലദിൽ ഏത് രാജ്യത്തെ കൊണ്ടാണ് അല്ലാഹു സത്യം ചെയ്ത് പറയുന്നത്?
A) മദീനഃ B) മക്കഃ C) ഫലസ്ത്വീൻ D) സിറിയഃ

42. അളത്തത്തിൽ കൃത്രിമം കാണിച്ചതിന്റെ പേരിൽ അല്ലാഹുവിന്റെ ശിക്ഷ അനുഭവിച്ച ജനത?
A) ശുഅയ്ബ് നബി (അ)യുടെ ജനത B) മൂസാ നബി (അ)യുടെ ജനത
C) സ്വാലിഹ് നബി (അ)യുടെ ജനത D) മുഹമ്മദ്നബി (സ്വ)യുടെ ജനത

43. 'അഞ്ച് കാര്യങ്ങൾക്ക് പകരം അഞ്ച് കാര്യം' എന്ന് നബി (സ) പറഞ്ഞതിൽ സകാത്ത് മുടക്കുന്നവർക്കുള്ള ശിക്ഷയെന്ത്?
A) വിളവ് (ഉൽപാദനം) തടയപ്പെടും B) ദാരിദ്ര്യം പരക്കും
C) മഴ തടസ്സപ്പെടും D) ക്ഷാമം പിടിപെടും

44. അന്ത്യനാളിൽ തുലാസ്സിൽ ഘനം കുറഞ്ഞവന്റെ സങ്കേതം?
A) مَاهِيَة B) رَاضِـيَة C) هَاوِيَة D) قَارِعَـة

45. പെരുന്നാൾ നമസ്കാരങ്ങളിൽ നബി (സ്വ) ഓതാറുണ്ടായിരുന്ന സൂറത്തുകൾ?
A) സൂറഃ അൽ അഅ്ലാ, അൽ ഗാശിയഃ B) സൂറഃ സജദഃ, ഖാഫ്
C) സൂറഃ അൽ അലഖ്, അൽ ബലദ് D) സൂറഃ അൽ മുനാഫിഖൂൻ, അന്നൂർ

46. എപ്പോഴാണ് ജിബ്രീൽ (അ) നബി (സ്വ)യെ സന്ദർശിച്ച് പാഠം നോക്കിയിരുന്നത്?
A) റമദാനിലെ അവസാന പത്തിൽ B) ലൈലത്തുൽ ഖദ്റിൽ
C) റമദാനിലെ എല്ലാ രാത്രിയിലും D) റമദാനിന് മുമ്പ്

47. ഏത് ഏടുകളെയാണ് 'ആദ്യത്തെ ഏടുകൾ' എന്ന് വിശേഷിപ്പിച്ചത്?
A) ഈസാ (അ)ന്റെയും ദാവൂദ് (അ)ന്റെയും B) ഖുർആനും ഇഞ്ചീലും
C) തൗറാത്തും ഇഞ്ചീലും D) ഇബ്രാഹീം (അ)ന്റെയും മൂസാ (അ)ന്റെയും

48. 'മൂടുന്ന സംഭവം' കൊണ്ടുദ്ദേശിച്ചതെന്ത്?
A) ഖിയാമത്ത് നാൾ B) വെള്ളപ്പൊക്കം
C) ഖബർ ജീവിതം D) ഒന്നാം ഊത്ത്

49. 'കുറ്റികളുടെ ആൾ' ആരാണ്?
A) ഫിർഔൻ B) മൂസാ നബി (അ) C) ഖാറൂൻ D) ആദ് സമുദായം

50. ഏതു സന്ദർഭത്തിലാണ് അല്ലാഹുവും മലക്കും ഇറങ്ങിവരും എന്ന് പറഞ്ഞത്?
A) ഖബറിൽ B) മരണം ആസന്നമായാൽ C) വിചാരണ വേളയിൽ D) യുദ്ധവേളയിൽ

51. عُسْـر എന്ന പദത്തിന്റെ അർത്ഥമെന്ത്?
A) പ്രയാസം B) പാലം C) എളുപ്പം D) പത്ത്

52. ഒരു അടിയാൻ തന്റെ റബ്ബിനോട് ഏറ്റവും അടുത്തായിരിക്കുന്ന അവസരം?
A) സുജൂദ് B) നമസ്കാരം C) പ്രാർത്ഥിക്കുമ്പോൾ D) മരണമാസന്നമായാൽ

53. ഥമൂദ് ഗോത്രത്തിന് ശിക്ഷ ഇറങ്ങാനുള്ള കാരണം?
A) മീൻ പിടിച്ചു B) അളവിൽ കൃത്രിമം കാണിച്ചു
C) ഒട്ടകത്തെ അറുത്തു D) പശുവിനെ ആരാധിച്ചു

54. ഹിജ്റ വർഷം തുടങ്ങുന്നതിന് മുമ്പ് ഏത് സംഭവം നോക്കിയായിരുന്നു അറബികൾ കാലം നിർണയിച്ചിരുന്നത്?
A) ബദ്ർ യുദ്ധം B) മുഹമ്മദ് നബി (സ്വ)യുടെ ജനനം C) നുബുവ്വത്ത് D) ആനക്കലഹം

55. مَاعُون എന്ന പദത്തിന്റെ അർത്ഥം?
A) അശ്രദ്ധർ B) വെള്ളം C) പരോപകാര വസ്തു D) പൂച്ചയുടെ ശബ്ദം

56. ഖുർആൻ ക്രോഡീകരണത്തിന് നേതൃത്വം വഹിച്ചത് ആരായിരുന്നു?
A) ഹസ്സാനുബ്ൻ ഥാബിത് (റ) B) സൈദുബ്നു ഥാബിത് (റ)
C) ഉമർ (റ) D) ഹുദൈഫത്തുബ്നുൽ യമാൻ (റ)

57. മുൻവേദങ്ങളുടെ കൂട്ടത്തിൽ പ്രഥമ സ്ഥാനം അർഹിക്കുന്ന ഗ്രന്ഥം ഏതാണ്?
A) ഇഞ്ചീൽ B) സബൂർ C) തൗറാത്ത് D) ഇബ്റാഹിം നബിക്ക് ലഭിച്ച ഗ്രന്ഥം

58. ആരുടെ ഭാഷയനുസരിച്ചാണ് ഖുർആൻ അവതീർണമായിട്ടുള്ളത്?
A) ബനൂ അസദ് B) ഖുറൈശ് C) തമീം D) ഥഖീഫ്

59. "അതുപോലെയുള്ള ഒരു തഫ്സീർ ഗ്രന്ഥം മറ്റാരാലും രചിക്കപ്പെടുകയുണ്ടായിട്ടില്ല എന്ന കാര്യത്തിൽ മുസ്ലിം സമുദായത്തിനിടയിൽ ഭിന്നാഭിപ്രായമില്ല" എന്ന് ഇമാം നവവി (റ) പറഞ്ഞത് ഏത് തഫ്സീർ ഗ്രന്ഥത്തെപ്പറ്റിയാണ്?
A) تفسـير البيضـاوي B) جـامع البيـان فـي تفسـير القـرآن
C) تفسـير القـرآن العظيـم D) تفسـير الجلاليـن

60. 'തർജുമാനുൽ ഖുർആൻ' അഥവാ 'ഖുർആൻ വ്യാഖ്യാതാവ്' എന്ന പേരിലറിയപ്പെട്ട സ്വഹാബി?
A) ഇബ്നു മസ്ഊദ് (റ) B) സഅ്ദ് ബ്നു മുആദ് (റ)
C) സൈദുബ്നു ഥാബിത് (റ) D) ഇബ്നു അബ്ബാസ് (റ)

**അടുത്ത വർഷത്തെ സിലബസ് : ജുസ്അ് 29**
**സൂറഃ അൽ മുൽക് മുതൽ സൂറഃ അൽ മുർസലാത്ത് വരെ (അധ്യായം 67 – 77)**